# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2725 — 14.02.2013 ൽ മറുപടിയ്ക്ക്

## മലമ്പുഴ അണക്കെട്ടിന്റെ നവീകരണം

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) മലമ്പുഴ അണക്കെട്ട് നവീകരിക്കുന്നതിനായി ലോകബാങ്കിന്റെ അംഗീകാരത്തിന് സമർപ്പിച്ച പ്രോജക്ട് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) ഡാമിന്റെയും റിസർവോയറിന്റെയും സുരക്ഷിതത്വത്തിനും ബലപ്പെടുത്തുന്നതിനും വൈദ്യുതീകരണത്തിനും ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന DRIP-ൽ സമർപ്പിച്ചിരിക്കുന്നത്. |
| (ബി) നവീകരണത്തിനുൾപ്പെടുത്തിയിരിക്കുന്നത് ഏതെല്ലാം പ്രവൃത്തികൾക്കാണ്; വ്യക്തമാക്കാമോ ; | (ബി) മലമ്പുഴ ഡാം നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി താഴെ പറയുന്ന പ്രവർത്തികളാണ് DRIP-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1) ഡാമിലൂടെയുള്ള ചോർച്ച നിർത്തുന്നതിനായി guniting ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2) ഡാമിലേയ്ക്കുള്ള എല്ലാ റോഡുകളും പുനഃരുദ്ധാരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നു.<br>3) ഡാമിനു താഴെയുള്ള കേടുവന്ന ചാലുകൾ , stiling basin, മുകൾ ഭാഗത്തെ Apron ഇടങ്ങിയവ നന്നാക്കാനുള്ള പ്രവർത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>4) ഡാമിനോട് ചേർന്ന് നിൽക്കുന്ന കെട്ടിടങ്ങൾ മോടി പിടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.<br>5) പുതിയ കൺട്രോൾ റൂം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | 6) റിസർവോയർ ഏരിയ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു.<br>7) കേടുവന്ന ഷട്ടറുകൾ പുനഃസ്ഥാപിച്ച് പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിനും ഗാലറി ഗെയ്റ്റ് സുരക്ഷിതമാക്കുന്നതിനും,ചെക്ക് ഡാമിലെ ഷട്ടറുകൾ പുതുക്കി നടപ്പിലാക്കുന്നതിനും വലതുകര കനാലിന്റെ **sluice control room** നന്നാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.<br>8) ഭൂകമ്പ മാപിനി ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിന് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. |
| (സി) | അണക്കെട്ടിൽ നിന്നും മണലും എക്കലും നീക്കം ചെയ്യുന്നതിനായി വിദഗ്ധ സമിതികൾ എന്തെല്ലാം പഠനങ്ങളാണ് നടത്തിയത് ; വിശദാംശം നൽകുമോ ? | (സി) | ഡാമിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ മണ്ണിന്റെ അളവ് പീച്ചി ആസ്ഥാനമായുള്ള KERI പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മലമ്പുഴ അണക്കെട്ടിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് കോഴിക്കോട് ആസ്ഥാനമായ CWR-DM എക്കൽ മണ്ണിനെക്കുറിച്ചുള്ള പഠനവും തിരുവനന്തപുരം ആസ്ഥാനമായ CESS പാരിസ്ഥിതിക പഠനവും നടത്തിയിരുന്നു. 2010-ൽ മലമ്പുഴ അണക്കെട്ടിൽ പരീക്ഷണാടിസ്ഥാനത്തിൽ എക്കൽ മണ്ണ് നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു, KEMDEL വഴിയാണ് നടപ്പിലാക്കിയിരുന്നത്. |

Tommy PC

സെക്ഷൻ ഓഫീസർ